ശ്രീ. ഒ. കോരൻ: മലബാർ ഭാഗത്തു് ട്രാൻസ്പോർട്ടു് ദേശസാൽക്കരണം വരാത്തതിനു പ്രധാനമായ കാരണം മന്ത്രി പറഞ്ഞതു് വക്കഷ്പാപ്പും, സ്ഥലവും ലഭിക്കാത്തതുകൊണ്ടാണെന്നാണു്. എത്ര കാലമായി സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി എടുത്തിട്ടു്; സ്ഥലം ഇതുവരെ കിട്ടാത്തതു് എന്താണു്?

ശ്രീ. കെ. ടി. അച്യുതൻ: ഇതു് വളരെ പ്രയാസപ്പെട്ട ഒരു പ്രശ്നമായിത്തീർന്നിരിക്കുകയാണു്. പല സ്ഥലങ്ങളും നോക്കിയിട്ടുണ്ടു്. ഒന്നും ശരിയായി കിട്ടിയില്ല. ഇടയിടെ ഒരു സ്ഥലം നോക്കിയിട്ടു് അതു് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനു വേണമെന്നു പറഞ്ഞു; വളരെ സമ്മർദ്ദം ചെലുത്തിയതിൻറെ ഫലമായി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറു് ഒഴിഞ്ഞുതരാമെന്നു പറഞ്ഞു. വലിയ കാലതാമസംകൂടാതെ ആ സ്ഥലം കിട്ടുമെന്നു പ്രതീക്ഷിക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: വക്കഷ്പാപ്പു പൂർത്തിയായാൽ അതിനെത്തുടർന്നു് ദേശസാൽക്കരണത്തിനും ഇടയുണ്ടെന്നു മനസിലാക്കിക്കൊണ്ടു് വക്കഷ്പാപ്പു പൂർത്തിയാകാതിരിക്കാൻ ചില നിഗൂഢകേന്ദ്രങ്ങളിൽ നിന്നു് പരിശ്രമം ചെയ്തു വരുന്നുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ; അറിയാമെങ്കിൽ അങ്ങനെയുള്ള പ്രവർത്തനത്തെ തടയുന്നതിനു് നടപടി എടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. അച്യുതൻ: ഗവണ്മെൻറിൻറെ അറിവിൽപ്പെട്ടിട്ടില്ല.

ശ്രീ. ആർ. കൃഷ്ണൻ: തൃശ്ശൂർ നിന്നും പാലക്കാട്ടേക്കുള്ള നാഷനൽ ഹൈവേ റോഡിൽ വൈകുന്നേരം അഞ്ചു മണിക്കു് പെരുന്തൽമണ്ണയിൽനിന്നു് ഒരൊറ്റ ബസ്സുമാത്രമേ ഓടുന്നുള്ളു. അതു് രാവിലെ തിരിച്ചു പോരുകയും ചെയ്യുന്നു. അതു കഴിഞ്ഞാൽപിന്നെ ആ റൂട്ടിൽ സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ബസ്സില്ല. ധാരാളം ഗതാഗത സൗകര്യമുള്ള ആ റോഡിൽ ദേശവൽക്കരണമില്ലെങ്കിലും കുറഞ്ഞപക്ഷം ബസ്സെങ്കിലും ഓടിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. അച്യുതൻ: ആലോചിക്കാം.

കയർ വ്യവസായം

* 670. [15] ശ്രീ. പി. എസ്സു്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി ദയവു് മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിൻറെ അഭിവൃദ്ധിക്കുവേണ്ടി ഈ ഗവണ്മെൻറു് എന്തെല്ലാം പരിപാടികളാണു് നടപ്പിൽ വരുത്തിയിട്ടുള്ളതു്;

(ബി) കൈത്തറി വ്യവസായത്തിലെന്നപോലെ കയർ വ്യവസായത്തിൻറെ അഭിവൃത്തിക്കുവേണ്ടി ഒരു അപ്പക്സു് സൊസൈറ്റി രൂപീകരിക്കുവാൻ ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) കയർ തൊഴിലാളികളേയും ചെറുകിട ഉൽപ്പാദകരേയും സഹകരണ മേഖലയിൽ കൊണ്ടുവരേണ്ട ഉദ്ദേശത്തോടുകൂടി കയർ ഡെവലപ്പുമെൻറു് സ്കീം അനുസരിച്ചു് പലതരത്തിലുള്ള കയർ സൊസൈറ്റികളും രൂപീകരിക്കുക, അതിനുവേണ്ടി ധനസഹായം ചെയ്യുക, പഴയ പാറോണിലുള്ള സംഘങ്ങളെ 93 ശതമാനം തൊഴിലാളികളും ചെറുകിട ഉൽപ്പാദകരും വരത്തക്കവിധത്തിൽ പുനഃസംഘടിപ്പിക്കുക എന്നിവയാണു്. പുതിയ സൊസൈറ്റികളിൽ ഗവണ്മെൻറു് ജീവനക്കാരെ പെയിഡു് സെക്രട്ടറിമാരായി നിയമിച്ചു് ആദ്യം 3 കൊല്ലത്തേക്കു് അവരുടെ ശമ്പളം ഗവണ്മെൻറു് വഹിക്കുന്നു. അപ്രകാരം കയർ വ്യവസായ വികസന പദ്ധതിക്കൊണ്ടു് കയർ തൊഴിലാളികൾക്കു് കൂടുതൽ ഗുണം കിട്ടാൻ വേണ്ടനടപടികളും എടുത്തിട്ടുണ്ടു്.

(ബി) സ്റ്റേറ്റിൽ ഒരു കയർ അപക്സു് സൊസൈറ്റി രൂപീകരിക്കുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

മി. സ്പീക്കർ: ചോദ്യം 28-നു കൂടി ഉത്തരം പറയേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly